ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ജിക്ക ധനസഹായത്തോടെ നടപ്പാക്കുന്ന പട്ടുവം കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ട വിപുലീകരണം വളരെ ആവശ്യമാണെന്നകണ്ടതുകൊണ്ടാണ് 69.32 കോടി രൂപയുടെ ഭരണാനുമതി 28-8-2014-ന് നൽകിയത്. ജിക്കയുടെ കാലാവധി നീട്ടിക്കിട്ടുന്ന വിഷയമാണ് ഇവിടെയുള്ളത്. ഇത് കേന്ദ്രഗവൺമെന്റുമായി ടേക് അപ് ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ മിനിസ്ട്രി ഓഫ് അർബൻ ഡവലപ്മെന്റും ഡയറക്ടർ ഓഫ് ഇക്കണോമിക് അഫയേഴ്സും വഴി ജിക്കയുടെ അംഗീകാരത്തിനായി വീണ്ടും സമർപ്പിച്ചിട്ടുണ്ട്. ഒരു പദ്ധതിയുടെ പൂർത്തീകരണത്തിനുവേണ്ടിയുള്ള ഇടപെടലാണിത്. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് വാട്ടർ അതോറിറ്റി എം.ഡി. ഉൾപ്പെടെയുള്ള ആളുകൾ കഴിഞ്ഞദിവസം ഡൽഹിയിൽ പോയി ചർച്ച നടത്തിയിരുന്നു. ഈ പദ്ധതിയിൽ നമുക്ക് അനുമതി കിട്ടുന്നില്ലെങ്കിൽ മറ്റേതെങ്കിലും പദ്ധതിയിലുൾപ്പെടുത്തി ഇക്കാര്യം നടപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

14. കടൽഭിത്തി നിർമ്മാണം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : സർ, എന്റെ നിയോജകമണ്ഡലത്തിലെ കടലോരവുമായി ബന്ധപ്പെട്ട ഒരു പ്രധാനപ്പെട്ട വിഷയമാണ് ഞാൻ ഈ സഭയിൽ ഉന്നയിക്കുന്നത്. ഇക്കാര്യം ഞാൻ ഇതിനുമുമ്പ് രണ്ടുപ്രാവശ്യം ഉന്നയിച്ചതാണ്. രണ്ടുപ്രാവശ്യം ഉന്നയിച്ചപ്പോഴും ഇക്കാര്യം പരിശോധിക്കുന്നുണ്ട്, എസ്റ്റിമേറ്റ് ആക്കിയിട്ടുണ്ട്, അംഗീകാരം കൊടുക്കേണ്ടതു മാത്രമേയുള്ളൂ സാമ്പത്തിക പ്രശ്നമുണ്ട് എന്നുള്ള മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രി നൽകിയത്. അങ്ങനെയുള്ള മറുപടി ഇപ്പോൾ നൽകരുതെന്ന് ഞാൻ ആദ്യമേ അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞയാഴ്ച ഉദുമ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറ് കടപ്പുറത്ത് കടലിളക്കംകൊണ്ട് നമ്മുടെ നാട് മുഴുവൻ പോയി. ഹോസ്പിറ്റലിനുവേണ്ടി ഉണ്ടാക്കിയ കാറ്റാടി മരം മുഴുവൻ നശിച്ചു. അതിനിപ്പുറത്തുണ്ടായിരുന്ന സ്വകാര്യവ്യക്തികളുടെ തെങ്ങുകൾ മുഴുവൻ നശിച്ചു. അതിനുമപ്പുറത്ത് നമ്മുടെ പഞ്ചായത്തിലെ ടാറിട്ട റോഡുണ്ടായിരുന്നതുപോലും തകർന്നു. നാട്ടിൽ ജീവിക്കുന്ന ആളുകൾ മുഴുവൻ ഭീതിയോടെയാണ് കഴിയുന്നത്. അവിടെ കടൽഭിത്തി നിർമ്മിച്ച് അവിടത്തെ ജനങ്ങളുടെ കഷ്ടതയും ദുരിതത്തിനും പരിഹാരം കാണണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ പ്രധാനമായും ഉന്നയിക്കുന്നത്. തൊട്ടടുത്ത പ്രദേശമായ ചെമ്മനാട് പഞ്ചായത്തിലെ പെരിങ്കടിയിലും ഇതുതന്നെയാണ് പ്രശ്നം. ഈ രണ്ടുപ്രദേശങ്ങളിലും കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ സമർപ്പിച്ചിരുന്നതാണ്. എന്നാൽ മന്ത്രി ഇതുവരെ സാങ്ഷൻ കൊടുത്തിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് അടിയന്തരമായി ഇതിന് സാങ്ഷൻ കൊടുത്ത് കടൽഭിത്തി നിർമ്മിച്ച് ഉദുമ, ചെമ്മനാട് പഞ്ചായത്തിലെ പടിഞ്ഞാറുഭാഗത്ത് ജീവിക്കുന്ന ജനങ്ങളുടെ ആശങ്ക അകറ്റാനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണം. അല്ലെങ്കിൽ വലിയ പ്രക്ഷോഭവുമായി മുന്നോട്ടുപോകേണ്ടിവരുമെന്നാണ് ആ നാട്ടിലെ ജനങ്ങൾ പറയുന്നത്. കാഞ്ഞങ്ങാട്-കാസർഗോഡ് ദേശീയപാതയുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ഒരുഭാഗത്ത് കടൽ, മറുഭാഗത്ത് ദേശീയപാത, ഇതിന് രണ്ടിനുമിടയിൽ താമസിക്കുന്നയാളുകൾ ജീവിക്കാൻ കഴിയാത്തതീതിയിൽ വളരെയധികം ഭയപ്പെട്ടുകയാണ്. ഒരു കാരണവശാലും മുമ്പ് തന്നതുപോലുള്ള ഒരു മറുപടി പറഞ്ഞുപോകരുത്. ഈ മാസം തന്നെ സാങ്ഷൻ കൊടുത്ത് പണി പൂർത്തീകരിക്കാനാവശ്യമായ ഏർപ്പാടുണ്ടാക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഉദുമ നിയോജകമണ്ഡലത്തിലെ ഉദുമ പഞ്ചായത്തിൽ കടലാക്രമണത്തിൽ റോഡുതകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിൽ പൊവ്വൽ, കൊപ്പൽ എന്ന സ്ഥലത്ത് 500 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 325 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേരളത്തിലെ തീരപ്രദേശങ്ങളിലെ കടലാക്രമണ സാധ്യതയെക്കുറിച്ച് ഐ.ഐ.ടി.-യെക്കൊണ്ട് പഠനം നടത്തിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള 500 മീറ്ററിന് ഉടൻ തന്നെ അനുമതി നൽകുന്നതാണ്.

V മേശപ്പുറത്തു വച്ച കടലാസുകൾ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 7967, പന്ത്രണ്ടാം സമ്മേളനത്തിലെ 551, പതിമൂന്നാം സമ്മേളനത്തിലെ 3035 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.